# അച്ഛനും മകളും

VG
VALLATHOL GRANDHALAYAM

—വള്ളത്തോൾ

Digitized By Kerala Sahitya Akademi

# അച്ഛനും മകളും

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

ഏഴാംപതിപ്പ്
കോപ്പി 1000.

വില:
പന്ത്രണ്ടണ

പകർപ്പവകാശം: സി. മല്ലിക അമ്മയ്ക്ക്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1954 ജൂലായ്.

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ളിഷിങ്ങ് ഹൗസ്, തൃശ്ശൂർ.

Digitized By Kerala Sahitya Akademi

# അച്ഛനും മകളും

“ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസര-
മറിഞ്ഞു വരിക, പോയ് വത്സ, നീ ശുനശ്ശേഫ;

ശാകുന്തളനാടകത്തിൽ കാണുന്നതിൻവണ്ണം ഭർത്തൃപരിത്യക്തയായ ശകുന്തള മാതാവായ മേനകയാൽ കശ്യപാശ്രമത്തിൽ നീതയായതിനുശേഷം അവിടെവെച്ചു പ്രസൂതനായ പുത്ര (സർവ്വദമന) നോടുകൂടി ഭർത്തൃവിരഹവ്യാകുലയായി വ്രതചര്യയിൽ വർത്തിക്കുന്ന കാലത്ത്, ഒരിക്കൽ കശ്യപമഹർഷിയെ കണ്ടു വന്ദിക്കുവാനായി അവിടെച്ചെല്ലുന്ന വിശ്വാമിത്രമഹർഷി സ്വശിഷ്യനായ ശുനശ്ശേഫനോടു പറയുന്നത്:—

ഗുരുപാദർ=പൂജ്യനായ ഗുരു. പ്രകൃതത്തിൽ, ദേവേന്ദ്രന്റെ പിതാവും കുലപതിയുമായ കശ്യപമഹർഷി. ‘മുനീനാം ദശസാഹസ്രം യോന്നദാനാദിപോഷണാൽ അധ്യാപയതി വിപ്രർഷിരസൗ കുലപതിഃസ്മൃതഃ’ എന്നു കുലപതിലക്ഷണം. ശുനശ്ശേഫൻ വിശ്വാമിത്രന്റെ ഭാഗിനേയനും നിത്യസഹചാരിയായ ശിഷ്യനുമാണ്. പണ്ട് അംബരീഷൻ എന്നൊരയോധ്യാരാജാവ് ഒരു യാഗം തുടങ്ങി. എന്നാൽ യാഗപശു അപഹരിക്കപ്പെട്ടുപോയി. അതിനുപകരം ഒരു മനുഷ്യനെ ബലി കഴിക്കണമെന്ന് ഉപാധ്യായന്മാർ അഭിപ്രായപ്പെട്ടു. രാജാവു തേടിത്തേടി നടന്ന്, ഋചീകൻ എന്ന ബ്രാഹ്മണനു വിശ്വാമിത്രന്റെ സോദരിയിൽ ജനിച്ച മധ്യമപുത്രനായ ശുനശ്ശേഫനെ നൂറായിരം പൈക്കളാകുന്ന വിലക്കു വാങ്ങി, രാജധാനിയിലേക്കു മടങ്ങി. മധ്യേമാർഗ്ഗം മൃത്യുഭീതനായ ശുനശ്ശേഫൻ പുഷ്കരത്തിൽ തപസ്സുചെയ്യുന്ന അമ്മാമനായ വിശ്വാമിത്രനെ ശര

Digitized By Kerala Sahitya Akademi

ഞാനിങ്ങീയശോകത്തിൻ തണലിൽനില്ക്കാ”മെന്നോ–
രാനകമന്ദ്രസ്നിഗ്ദ്ധസ്വരമാകിയ സൂക്തം,
പോക്കുവെയിലേശിസ്സ്വർണ്ണമുരുക്കിയൊഴിച്ചതു
പോലവേ മിന്നും ഹേമകൂടശൈലത്തിൻ പാർശ്വേ,

---

ണം പ്രാപിച്ചു. വിശ്വാമിത്രൻ ശുനശ്ശേഫന്നു രണ്ടു് അഗ്നിസ്തോത്രഗാഥ ഉപദേശിച്ചുകൊടുത്തു. രാജാവിന്റെ യൂപത്തിൽ യാഗപശുവാക്കി ബന്ധിക്കപ്പെട്ട ശുനശ്ശേഫൻ ആ ദിവ്യഗാഥാദ്വയംകൊണ്ടു് അഗ്നിയെ സ്തുതിക്കുകയും, പ്രസന്നരായ അഗ്ന്യാദിദേവന്മാർ ശുനശ്ശേഫന്നു ദീർഘായുസ്സിനേയും രാജാവിന്നു യജ്ഞഫലത്തേയും നല്കുകയും ചെയ്തു. (വാല്മീകിരാമായണം, ബാലകാണ്ഡം, 61–ം 62–ം സർഗ്ഗങ്ങൾ നോക്കുക.) അങ്ങിനെ അപമൃത്യുമുക്തനായി ദീർഘായുസ്സു നേടിയ ശുനശ്ശേഫൻ ക്രമേണ വിശ്വാമിത്രന്റെ ശിഷ്യനും നിത്യസഹചാരിയുമായിത്തീർന്നു. ആനകമന്ദ്രസ്നിഗ്ദ്ധസ്വരം=പെരുമ്പറയൊച്ചപോലെ ഗംഭീര (മുഴങ്ങുന്ന) വും സ്നിഗ്ദ്ധവുമായ സ്വരത്തോടുകൂടിയതു്. സൂക്തം=നല്ല വാക്കു്. ആനകമന്ദ്രസ്നിഗ്ദ്ധസ്വരമെന്ന സൂക്തവിശേഷണം വക്താവായ വിശ്വാമിത്രന്റെ സ്വഭാവഗാംഭീര്യത്തേയും ശിഷ്യനിലുള്ള വാത്സല്യത്തേയും വ്യഞ്ജിപ്പിക്കുന്നു. അശോകത്തണലിൽ നില്ക്കാമെന്നു പറഞ്ഞതു, മടങ്ങിവരുമ്പോൾ ശിഷ്യന്നു വഴി തെറ്റിപ്പോകാതിരിപ്പാൻ വേണ്ടിയാണു്. അശോകത്തെ അതിന്റെ പല്ലവപുഷ്പങ്ങളാൽ മററു വൃക്ഷങ്ങളുടെ ഇടയിൽനിന്നു് എളുപ്പത്തിൽ വേർതിരിച്ചറിയാമല്ലോ. പോരെങ്കിൽ അദ്ധ്വശ്രാന്തന്നു് അശോകത്തണൽ അധികം അനുഭവയോഗ്യമായുമിരിക്കും. ശാകുന്തളം നാടകത്തിലും, കശ്യപാശ്രമത്തിന്നടുത്തു് ഒരു അശോകവൃക്ഷമുള്ളതായി തൽകർത്താവു നിർദ്ദേശിച്ചിട്ടുണ്ടു്. ഹേമകൂടശൈലം=ഹിമവാന്നും മേരുവിന്നും ഇടയ്ക്കുള്ള ഭൂഖണ്ഡത്തിൽ—കിംപുരുഷവർഷത്തിൽ—സ്ഥിതിചെയ്യുന്ന ഒരു വർഷപർവ്വതം. ‘ഹി

Digitized By Kerala Sahitya Akademi

കാശ്യപാശ്രമക്കാട്ടിലൊരിടത്തപരാഹ്ന-
നിശ്ശബ്ദസ്ഥിതി ഭഞ്ജിച്ചുദിച്ചു, പണ്ടേകദാ.
നതനാം സ്വശിഷ്യനെയയച്ചാത്തപസ്വിയാ-
മതിഥിയശോകത്തിൻ തണൽപൂകപ്പോഴേക്കും,
“ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ”യെന്നായൊരു
തേൻകൊഞ്ചൽത്തൂകിപ്പാഞ്ഞു ചെന്നാനങ്ങൊരു ബാലൻ.

---

മവാൻ ഹേമകൂടശ്ച നിഷധോ മേരുരേവ ച ചൈത്രഃ കണ്ണീച ശൃംഗീച സപ്തൈതേ വർഷപർവ്വതാഃ’ സ്വതവേ സ്വർണ്ണവർണ്ണമായ ഹേമകൂടപർവ്വതം പോക്കുവെയിലേല്ക്കുകയാൽ പൊന്നുരുക്കിയൊഴിച്ചതുപോലെ മിന്നി. പാർശ്വേ=സമീപത്ത്. അപരാഹ്നനിശ്ശബ്ദസ്ഥിതി=അപരാഹ്ന (=പകലിനെ മൂന്നു സമഭാഗമാക്കിയതിൽ അവസാനത്തെ ഭാഗം) ത്തിലെ ഒച്ചയും അനക്കവും ഇല്ലാതെയുള്ള അവസ്ഥ. ഭഞ്ജിച്ച്=മുറിച്ച്; നശിപ്പിച്ച് എന്നു സാരം. ഉദിച്ചു=ഉയർന്നു. ഏകദാ=ഒരിക്കൽ. സൂക്തം എന്ന പദം, ആനകമന്ദ്രസ്നിഗ്ദ്ധസ്വരം, കശ്യപാശ്രമക്കാട് എന്നീ പദങ്ങളുടെ യോഗത്താൽ പ്രൗഢങ്ങളും സ്വരവിശേഷോച്ചാര്യങ്ങളുമായ വൈദികസൂക്തങ്ങളെ അനുസ്മരിപ്പിക്കുന്നു.

നതൻ=നമസ്കരിച്ചവൻ. ഗുരുശാസനമനുസരിപ്പാൻ സന്നദ്ധനെന്നു സാരം. കാട്ടിത്തരാമേ എന്ന ക്രിയയുടെ അന്ത്യത്തിലുള്ള ‘ഏ’ എന്ന നിപാതം, അപരിചിതനായ ആഗന്തുകൻ ബുദ്ധിമുട്ടരുതെന്നുള്ള ബാലന്റെ ദാക്ഷിണ്യശീലത്തെ വ്യഞ്ജിപ്പിക്കുന്നു. എന്നായ്=എന്നീ രൂപത്തിൽ. തേൻകൊഞ്ചൽ തൂകി=തേൻപോലെ മധുരമായ മുഗ്ദ്ധവാക്കു പറഞ്ഞു്. പാഞ്ഞുചെന്നു എന്നതിൽനിന്നു കുട്ടിയുടെ നിർഭയത്വവും പ്രസരിപ്പും വെളിപ്പെടുന്നു. അശോകത്തണൽ പൂകിയ അതിഥിക്കു ബാലന്റെ തേൻകൊഞ്ചൽ ആതിഥ്യമായിപ്പരിണമിച്ചുവെന്നു വ്യംഗ്യം. അതിഥികൾക്കു മധുപർക്കം കൊടുക്കുന്നതു ഗൃഹസ്ഥമര്യാദയാണല്ലോ. പൂകപ്പോഴേക്കും—ആതിഥ്യത്തിനു് ഒട്ടും വൈകിയില്ലെന്നു സാരം.

Digitized By Kerala Sahitya Akademi

ഇത്തങ്കക്കിടാവാര,ക്കശ്യപഭഗവാനെ
മുത്തച്ഛനെന്നു വിളിച്ചീടുവാൻ, ജയന്തനോ?
വാനോർകോനുടെ പുത്രനിത്രയല്ലല്ലോ പ്രായം;
മാനുഷപ്രഭാവമാണിവനിൽക്കാണുന്നതും.
ആരിതെന്നാരായാനല്ല,വനെച്ചിരക്കന്നു തൻ-
മാറത്തൊന്നണപ്പാനാണിച്ഛിച്ചതൃഷിപ്രൌഢൻ.

---

ഭഗവാൻ=ഭഗങ്ങളോടു—ശ്രീ, വിദ്യ, യശസ്സ്, മുതലായ ഐശ്വര്യങ്ങളോടു—കൂടിയവൻ; പൂജ്യനെന്നു സാരം. ഇന്ദ്രൻ കശ്യപന്നു് ദിതിയിൽ ജനിച്ച പുത്രനാകയാൽ, ഇന്ദ്രസൂനുവായ ജയന്തനു കശ്യപൻ മുത്തച്ഛനാണല്ലോ. മുത്തച്ഛനെന്ന വാക്കും സ്പഷ്ടമായ മഹാപുരുഷലക്ഷണങ്ങളുമാണ്, കുട്ടി ജയന്തനാണോ എന്ന സന്ദേഹത്തിന്നാധാരം. ഉത്തരക്ഷണത്തിൽ ശങ്ക മാറുന്നു: ദേവപുത്രൻെറ ദിവ്യാനുഭാവമല്ല, മാനുഷബാലൻെറ പൌരുഷതേജസ്സാണ്, കുട്ടിയിൽ ഒളിഞ്ഞുകാണപ്പെട്ടിരുന്നത്.

ആരായാ അന്വേഷിപ്പാൻ. ഋഷിപ്രൌഢൻ=ഗംഭീരനായ ഷി. ച ന്നു്=ഉടനെ. ഋഷിമാർ ജ്ഞാനികളും ചിന്താശീലരുമാണ് ഇവിടെ സ്വോപാർജ്ജിതമായ ചിന്താശീലത്തെ നൈസർഗ്ഗ മായ ഭാവവിശേഷങ്ങൾ അധഃകരിക്കുന്നു. അതിൻെറ ഫലമാണ്, കുഞ്ഞിനെ മാറത്തണപ്പാനുള്ള ഇച്ഛ. അങ്ങിനെ വിശ്വാമിത്രൻെറ മനുഷ്യസാധാരണമായ സ്വഭാവം അല്പാല്പം പ്രകാശിക്കുവാൻ തുടങ്ങുന്നു. 'ഒന്നണപ്പാനാണിച്ഛിച്ചതു്'' എന്ന പ്രയോഗം ഇച്ഛയുടെ ആധിക്യത്തേയും തന്നിവൃത്തിയിലുണ്ടാകുന്ന കൃതാർത്ഥതയേയും ധ്വനിപ്പിക്കുന്നു. വിമുക്തൻ=ഐഹികബന്ധങ്ങളിൽനിന്നു വിടുതി പ്രാപിച്ചവൻ. വിഷയബന്ധം വിട്ടു് അധ്യാത്മചിന്താപരനായി ഭവിച്ച ആ ബ്രഹ്മർഷിയെ തെല്ലുനേരത്തേയ്ക്കെങ്കിലും മമതാകല്പിതമായ മായാപ്രപഞ്ചത്തിലേയ്ക്കു വലിച്ചതാർത്ഥിയതു

Digitized By Kerala Sahitya Akademi

സാഹസക്കാരൻ പൈതലാ വിദ്രുതം വീണ്ടു-
മൈഹികത്തിലെച്ചുതാ, വലിച്ചു താഴ്ത്തി ക്ഷണാൽ:
കനിഞ്ഞു വാരിയെടുത്തുണ്ണിയെപ്പുണ്യാകാരൻ
കനിഞ്ഞു കെട്ടിപ്പൂണ്ടാൻ പെരിയ ബാഹുക്കളാൽ;
ലസിച്ചു മാൻതോലേറാപ്പിട്ട തന്മാറിൽപ്പൊങ്ക-
ത്തെ, സിതാകാശോദ്ദേശത്താതിരത്താരം പോലെ.
തോളം വരെ ഞാന്ന കുനുകുന്തളം ലീലായാസ-
ത്തുവിയർപ്പിങ്കൽപ്പതിഞ്ഞിരുന്നതൊരു കയ്യാൽ

---

കൊണ്ടാണ്, പൈതലിനെ സാഹസക്കാരൻ എന്നു വിശേഷിപ്പി ച്ചത്. ബാല്യസുലഭമായ ധൃഷ്ടതയേയും അതു കാണിയ്ക്കുന്നു. വലിച്ചു, താഴ്ത്തി എന്നീ പദങ്ങൾ മഹർഷി കുട്ടിയെ എടുക്കുവാൻ കനിഞ്ഞതിനെ വ്യഞ്ജിപ്പിയ്ക്കുന്നു.

പുണ്യാകാരൻ=പുണ്യസ്വരൂപൻ. ഈ കുഞ്ഞിനെ മാറത്തെടുത്താശ്ലേഷിച്ചതും പുണ്യംകൊണ്ടാണെന്നു വ്യംഗ്യം. പൂണ്ടാൻ=പുണർന്നു. പെരിയ ബാഹുക്കളാൽ=നീണ്ട കൈകളാൽ. വിശ്വാമിത്രൻ ജന്മനാ ക്ഷത്രിയനായിരുന്നുവെന്നതിനെ സൂചിപ്പിയ്ക്കുന്നു. സാമുദ്രികശാസ്ത്രപ്രകാരം ദീർഘബാഹുത്വം വീരപുരുഷലക്ഷണമാണ്. തന്മാറിൽ=അദ്ദേഹത്തിൻെറ മാറത്ത്. അസിതാകാശോദ്ദേശം=കറുത്ത ആകാശത്തിൻെറ ഒരു ഭാഗം. ആതിരത്താരം=തിരുവാതിരനക്ഷത്രം "തിരുവാതിര തീക്കട്ടപോലെ" എന്നുണ്ടല്ലോ. മാൻതോലേറാപ്പിട്ട എന്ന ഉപമേയവിശേഷണം അസിതമെന്ന ഉപമാനവിശേഷണത്തിന്ന് അനുഗുണമായി ഉപനിബന്ധിച്ചിരിയ്ക്കുന്നു. പ്രകൃതത്തിലെ ഉപമയിൽനിന്നു കുട്ടിയുടെ തേജസ്വിതയും ആകർഷകത്വവും ബ്രഹ്മർഷിയുടെ വിശുദ്ധിയും മേന്മയും ധ്വനിയ്ക്കുന്നു.

ഞാന്ന=തൂങ്ങിക്കിടക്കുന്ന. കുനുകുന്തളം=ചുരുണ്ട തലമുടി. ലീലായാസത്തുവിയർപ്പ്=കളിയിൽ ചാട്ടപ്പെട്ടതുകൊണ്ടു പൊടി

Digitized By Kerala Sahitya Akademi

സാവധാനമായ് മാടിനീക്കിയക്കുഞ്ഞിൻ കവിൾ-
പ്പൂവോടു ചേർത്താൻ, താടി നീണ്ട തന്മുഖം ധന്യൻ.
നേത്രരഞ്ജകമായിത്തിളങ്ങി തമ്മിൽച്ചേർന്നാ-
ക്ഷാത്രതേജസ്സിൻ കുമ്പും ബ്രാഹ്മതേജസ്സിൻ കാമ്പും
അപരിചിതത്വത്താലിലശങ്കം തല ചായ്ച്ചാ-
നറിയപ്പെടാത്തേതോ വാഞ്ഛയാൽപ്പോലും ബാലൻ,
മാറാത്ത മുത്തച്ഛന്റെ ലാളനമനുഭവ-
പ്പെട്ടതായിട്ടോ തോന്നി ഹൃഷ്ടനാമവനപ്പോൾ!

---

ഞ്ഞ ചന്തമുള്ള വിയർപ്പ്. താടിനീണ്ട എന്ന വിശേഷണം വിശ്വാമിത്രന്റെ ചിരതപസ്വിത്വത്തെ കാണിക്കുന്നതിനു പുറമേ, കുനുകുന്തളാലങ്കൃതമായ ബാലമുഖത്തോടുള്ള വൈധർമ്മ്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ധന്യപദത്തിൽനിന്ന് അദ്ദേഹത്തിന്റെ വളരെക്കാലത്തെ തപസ്സിന്റെ ഫലം ഇപ്രകാരം മാത്രമാണ് സിദ്ധിച്ചതെന്നു വ്യഞ്ജിക്കുന്നു. സാവധാനമായി=നഖം തട്ടി ആ കവിൾപ്പൂവ് മുറിപ്പെടാതിരിക്കത്തക്കവിധം ശ്രദ്ധയോടുകൂടി. നേത്രരഞ്ജകം=കൺകുളിർപ്പിക്കുന്നത്: ക്ഷാത്രതേജസ്സ്=ക്ഷത്രിയപ്രഭാവം. ബാലനായതുകൊണ്ടു പ്രഭാവം പൂർണ്ണമായിട്ടില്ലെന്നു കാണിപ്പാനാണ്, കുമ്പ് എന്ന പദം; വിശ്വാമിത്രന്റെ ബ്രഹ്മതേജസ്സ് പരിണതവും പ്രൗഢവുമായിരിക്കുന്നു എന്നു കാണിപ്പാനാണ്, കാമ്പ് എന്ന പദം. കാമ്പ്=സാരാംശം.

അശങ്കം=ശങ്കകൂടാതെ. ഹൃഷ്ടൻ=സന്തുഷ്ടൻ. പ്രിയസമാഗമജന്യമായ സുഖവിശേഷത്തെയാണ്, ഹർഷമെന്നു പറയുന്നത്. 'പ്രസത്തിരുത്സവാദിഭ്യോ ഹർഷഃ സ്വേദാശ്രുകമ്പകൃൽ' എന്നു ഹർഷലക്ഷണം. പ്രകൃതത്തിൽ വിശ്വാമിത്രന്റെ ലാളനം, ചിരപരിചിതനായ കശ്യപലാളനത്തെ അനുസ്മരിപ്പിച്ചതാണ്, കുട്ടിയിൽ ഹർഷത്തിനു കാരണം. അറിയപ്പെടാത്തേതോ വാഞ്ഛ— 'സ്നേഹവാത്സല്യാദിഭാവങ്ങൾ അന്തഃകരണത്തിൽ വാസനാരൂ

Digitized By Kerala Sahitya Akademi

അഥവാ ബാലകർക്കുണ്ടോ സ്വപരവ്യത്യാസങ്ങൾ?
മുട്ടവാം കയ്യേതിന്നും തലോടാമപ്പൂക്കളെ
ഞാനൊന്നു ചോദിച്ചുകൊട്ടെ സാദരം മഹാമുനേ:
ധ്യാനത്തിലുറംച്ചുരുന്നാസ്വദിച്ചിദാനന്ദം താപോ,

---

പേണ ലയിച്ചുകിടക്കുന്ന സ്ഥിരമായ പൂർവ്വബന്ധത്തിൻെറ പരിസ്ഫുരണങ്ങളാണ്. 'താസാമനാദിത്വം ചാശിഷോനിത്യത്വാൽ' എന്ന പാതഞ്ജലയോഗസൂത്രം വാസനകളുടെ അനാദിത്വത്തെ സ്ഥാപിക്കുന്നു. അത്തരം വാസനകളുടെ ഉത്തേജനത്തിന്നു ബാഹ്യോപാധികളുടെ വ്യാപാരമുണ്ടായേ തീരു എന്നില്ല. പ്രകൃതത്തിലാണെങ്കിൽ ഭാവോത്തേജനത്തിന്നു മതിയായ ബാഹ്യോപാധി—മാതാമഹദൌഹിത്രബന്ധം—ഉണ്ടുതാനും. പക്ഷേ അത് ഇരുപേരും അറിയുന്നില്ലെന്നേയുള്ളു. മറെറാരു മുത്തച്ഛൻെറ—കശ്യപനും വിശ്വാമിത്രനും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും പറയത്തക്ക അന്തരമില്ല; പോരെങ്കിൽ ബാല്യംതന്നെ എല്ലാററിനേയും ഒരേ നിലയിൽ വീക്ഷിക്കുന്നതാണുതാനും.

അഥവാ=അല്ലെങ്കിൽ. സ്വപരവ്യത്യാസങ്ങൾ=താനെന്നും അന്യനെന്നും തൻെറതെന്നും അന്യൻെറതെന്നുമുള്ള വ്യത്യാസങ്ങൾ. അപ്പൂക്കളെ=പൂക്കളെപ്പോലെ സുകുമാരങ്ങളും നിർമ്മലങ്ങളുമായ പൈതങ്ങളെ (ശൈശവത്തിൻെറ സൌന്ദര്യവും സംശുദ്ധിയും വ്യഞ്ജിക്കുന്നു.) കയ്യേതിന്നും=ഏതൊരു കയ്യിന്നും; ലക്ഷണയാൽ സ്നേഹദയാദിമൃദുലവികാരങ്ങളുള്ളവർ എന്നർത്ഥം കിട്ടുന്നു. പെരുമാററത്തിലുള്ള മാർദ്ദവംകൊണ്ടു മാത്രം കുഞ്ഞുങ്ങളെ ആർക്കും സ്വാധീനരാക്കാമെന്നു സാരം. ശൈശവത്തിൻെറ സരളതയും മോഹനത്വവും മഹാകവിയുടെ മററു പല കൃതികളിലും ഇങ്ങനെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്.

കവിവാക്യം: സാദരം=ആദരത്തോടുകൂടി. മഹാമുനിത്വം സാദരസംബോധനയ്ക്കും ധ്യാനത്തിന്നും സച്ചിദാനന്ദാനുഭൂതിക്കും

Digitized By Kerala Sahitya Akademi

മാനിച്ചീയിളംപൂമെയ് പുല്കലിലുളവായോ-
രാനന്ദമിതോ ഖോന്നധികം സമാസ്വാദ്യം?
മീലിതാക്ഷനായ് മുനി ബാലസംശ്ലേഷസുഖാൽ;
ബാലനോ, കിഞ്ചിദ്ദൃരഗാക്ഷനായ്, ച്ചിരികൂട്ടി

---

മുള്ള അർഹതയെ കാണിക്കുന്നു. സച്ചിദാനന്ദം=ആത്മസാക്ഷാൽക്കാരജന്യമായ അലൌകികാനന്ദം. സമാസ്വാദ്യം=അനുഭവയോഗ്യം. സച്ചിദാനന്ദത്തിന്റെ ആ എന്ന ദൂരവാചിവിശേഷണം യമനിയമാദികളെക്കൊണ്ടു പണിപ്പെട്ടു സമ്പാദിക്കുന്നത് എന്നും ആനന്ദമിതോ എന്നതിലെ ഈ എന്നതു പ്രയാസംകൂടാതെ ലഭിക്കുന്നത് എന്നും വിശേഷാർത്ഥത്തെ കാണിക്കുന്നു. സന്ന്യാസത്തിന്നു ഗാർഹസ്ഥ്യത്തെക്കാൾ അത്രയൊന്നും മേന്മയില്ലെന്നു വിവക്ഷ. രണ്ടും ആനന്ദസന്ദായകമാണ്. ആദ്യത്തേത് അസുലഭവും, പ്രയത്നസാധ്യവുമാണ്; രണ്ടാമത്തേതാകട്ടെ, സുലഭവും, അകൃച്ഛ്രവുമാകുന്നു. ഗാർഹസ്ഥ്യത്തിന്റെ ഔൽകൃഷ്ട്യത്തെ സ്ഥാപിച്ചുകൊണ്ടു്, 'യഥാ വായുസമാശ്രിത്യ വർത്തന്തേ സർവ്വജന്തവഃ തഥാ ഗൃഹസ്ഥമാശ്രിത്യ വർത്തന്തേ ചതുരാശ്രമാഃ' (പത്മപുരാണം) എന്നിങ്ങനെ ആർഷവചനമുണ്ടു്.

മീലിതാക്ഷൻ=കണ്ണു ചിമ്മിയവൻ. മനസ്സിന്നുണ്ടായ നിർവൃതിയെക്കാണിക്കുന്നു. ബാലസംശ്ലേഷസുഖാൽ=കുട്ടിയെ ആലിംഗനംചെയ്തതിൽനിന്നുണ്ടായ സുഖംകൊണ്ടു്. 'ചിരികൂട്ടി'—അമ്മ അന്വരന്നു തിരിഞ്ഞുനടക്കുന്നു; താനോ, വത്സലനായ മഹർഷിയുടെ മാറത്തു നിർബ്ബാധം സ്ഥിതിചെയ്യുന്നു. അമ്മയുടെ തിരച്ചിൽ കണ്ടാണ് കുട്ടി ചിരി കൂട്ടിയത്. 'അമ്മേ, ഞാനിതാ' എന്നതിൽനിന്നു, താൻ അമ്മയെ കബളിപ്പിച്ചു് ഉടജത്തിൽനിന്നു വനത്തിലേക്കു പോന്നതും, വത്സലയായ മാതാവു തന്നെ തിരഞ്ഞു നടക്കാറുള്ളതും സാധാരണമാണെന്നു വെളിപ്പെടുന്നു. അമ്മണിനാദം കേട്ട്=മണിനാദംപോലെ മധുരസ്നിഗ്ദ്ധമായ കു

Digitized By Kerala Sahitya Akademi

അമ്മേ, ഞാനിതാ,' എന്നു വിളിച്ചു ചൊന്നാൻ; പെട്ട-
ന്നമ്മണിനാദം കേട്ടങ്ങണഞ്ഞതാളൊരു തന്വി:
മുഷിഞ്ഞ വസ്ത്രങ്ങളും, മെടഞ്ഞ വാർകുന്തലും,
മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്,
അത്തലിൻ സ്വരൂപം പോലാ വന്ന യുവതിയെ
സ്നിഗ്ദ്ധമാം നയനത്താൽദ്ദർശിച്ച നിമിഷത്തിൽ
'മേനക, നിനക്കെന്തി മാറ്റ'മെന്നേവം ചോദി-
പ്പാനാവാം മുതിർന്നു മുനിതൻ തിരുമുഖം!
പിന്നീടിങ്ങനെയത്രേ ചോദിച്ചു:—"സ്ഫുടസമ്രാട്
ചിഹ്നനാമിക്കുഞ്ഞിന്റെയമ്മയാം നീയാർ വത്സേ?"

---

ട്ടിയുടെ ഒച്ച കേട്ട്. തന്വി=കൃശാംഗി (സുന്ദരി,) അടുത്തു പാ യുംവിധം പടച്ചവാം.

വാർകുന്തൽ=സമൃദ്ധമായ തലമുടി. ലാവണ്യൈകഭൂഷമാ മുടൽ=സൌന്ദര്യം മാത്രമായ ആഭരണത്തോടുകൂടിയ ദേഹം. 'മുക്താ ഫലേഷുച്ഛായായാസ്തരളത്വമിവാന്തരം പ്രതിഭാതി യദംഗേഷു ലാവണ്യം തദിഹോച്യതേ' എന്നു ലാവണ്യലക്ഷണം. വിരഹദുഃഖത്താൽ കൃശയും അലങ്കരണരഹിതയും കാഴ്ചയിൽ ഇലോം ശോച്യയുമായിരുന്നു അവാം. 'വസനേ പരിധൂസരേ വസാനാ നിയമക്ഷാമമുഖീ ധൃതൈകവേണീ' ഇത്യാദി ശാകുന്തളശ്ലോകം നോക്കുക. അത്തൽ=വ്യസനം. സ്നിഗ്ദ്ധം=സ്നേഹമയം, 'വികാശിസ്നിഗ്ദ്ധമധുരം ചതുരേ ബിഭ്രതി ഭ്രുവൌ കടാക്ഷിണി സാഭിലാഷാ ദൃഷ്ടിസ്നിഗ്ദ്ധാഭിധീയതേ' എന്നു സ്നിഗ്ദ്ധദൃഷ്ടിലക്ഷണം. വിശ്വാമിത്രന്ന് അവളെ കണ്ടതോടുകൂടി സ്നേഹം അങ്കുരിക്കുന്നു. സ്ഫുടസമ്രാട് ചിഹ്നൻ=വ്യക്തമായ ചക്രവർത്തിലക്ഷണങ്ങളോടുകൂടിയവൻ. അങ്ങനെയുള്ള കുട്ടിയുടെ അമ്മയായതുകൊണ്ടു ഭാഗ്യവതി എന്നുതാൽപര്യം. പണ്ടൊരിക്കൽ താൻ പരിഗ്രഹിച്ച ആ മേനകതന്നെയോ ഇവാം എന്നു മുഖസാദൃശ്യത്താൽ ആ മുനിവരുന്നു വിഭ്രമം ജനിച്ചിരിക്കു

Digitized By Kerala Sahitya Akademi

അമ്മകനിതിന്നിടയ്ക്കു, 'യ്യോ, ചായം തേച്ച
മൺമയിലതാ, മാർക്കണ്ഡേയങ്ക'ലെന്നും ചൊല്ലി
ബ്രഹ്മർഷിവക്ഷസ്സിങ്കൽനിന്നൊരു ചാട്ടം ചാടി-
യമ്മതൻ പിടി വിട്ടുത്തുഴറ്റോടോടിപ്പോയാൻ.

---

ണം. അവൾക്ക് അത്രയ്ക്കുണ്ടായിരുന്നു, മേനകയുടെ സാദൃശ്യം. അതിനാൽ "മേനകേ........" എന്നു ചോദിപ്പാനാണ് ഇനി ഒരുങ്ങിയതെന്നു കവി ഊഹിക്കുന്നു. "പിന്നീടിങ്ങനെയത്രേ........" എന്ന അടുത്ത വരിയിൽനിന്നു, മുനിക്കു ദർശനക്ഷണത്തിലുണ്ടായ മേനകാഭ്രാന്തി നീങ്ങി എന്നു ധ്വനിക്കുന്നു.

ഇതിനിടയ്ക്ക്=വിശ്വാമിത്രൻ അവളെ നോക്കിക്കാണുകയും ചോദിക്കുകയും ചെയ്തതിനിടയ്ക്ക്. മാർക്കണ്ഡേയൻ=കുട്ടിയുടെ ഒരു കളിത്തോഴൻ. വക്ഷസ്സ്=മാറ്. ഉഴറ്റോടു=ബദ്ധപ്പാടോടുകൂടി ചാട്ടംചാടി-ബ്രഹ്മർഷിവക്ഷസ്സിൽ ലാളനാനന്ദമനുഭവിച്ചിരുന്ന ബാലൻ കളിക്കോപ്പു കണ്ടപ്പോൾ അതാ, ചാടിയോടുന്നു; അമ്മ പിടിച്ചിട്ടും നിന്നില്ല. മൺമയിലിനോടു കുട്ടിക്കുള്ള കൗതുകം നാടകത്തിൽ കാളിദാസനും കാണിച്ചിട്ടുണ്ട്. മൺമയിലിന്റെ പിന്നാലെ അയച്ച്, കുട്ടിയെ ആ രംഗത്തിൽനിന്ന് അകറ്റിയതിൽ കവി തികച്ചും ഔചിത്യബോധം കാണിച്ചിരിക്കുന്നു; അച്ഛനും മകളും പരസ്പരവിവരം അറിയുമ്പോഴുണ്ടാകുന്ന നാനാവിധങ്ങളായ മനോവികാരങ്ങളിൽ മുഗ്ദ്ധനായ ബാലനെ പങ്കുകൊള്ളിക്കുന്നത് അത്യന്തം അനുചിതമായിരിക്കും. ആ രംഗത്തിൽ ശകുന്തളയിൽ തള്ളിമറിയുന്ന ശോകാദിവികാരങ്ങളും വിശ്വാമിത്രനിൽ അലതല്ലുന്ന സ്നേഹാമർഷാദിവികാരങ്ങളും കുട്ടി കാണാതിരിക്കുകതന്നെയാണ് വേണ്ടത്.

Digitized By Kerala Sahitya Akademi

## II

ഉണ്ണിതന്നോട്ടം കണ്ടു ഞെട്ടന്നാം വീർപ്പൊന്നിട്ടു
കണ്ണുനീരൊരുവിധമടക്കിക്കയ്യുംകൂപ്പി,
ഭക്തിയുമതിലേറെ സ്നേഹവുമുൾക്കൊണ്ടാത്മ-
വൃത്താന്തമറിയിച്ചാളൃഷിയെസ്സദ്വൃത്തയാൾ:—
"മുക്താത്മൻ, പിറന്നുടന വനത്തിൽ മാതാപിതൃ-
ത്യക്ത ഞാൻ കണ്വർഷിയാലെടുത്തു പോററപ്പെട്ടോൾ,

---

ഉണ്ണിതന്നോട്ടം കണ്ട്=ആ ഓട്ടത്തിലൂടെ തന്റെ ജീവിതസർവ്വസ്വമായ ഭർത്താവിനെ അനുസ്മരിച്ച്. ആത്മവൃത്താന്തം=തന്റെ വർത്തമാനം. ഒരുവിധമടക്കി=വളരെ പണിപ്പെട്ടു നിയന്ത്രിച്ചു. കാശ്യപശിക്ഷിതയായ താൻ പ്രാകൃതസ്ത്രീകളെപ്പോലെ കരയുന്നത് അനുചിതമാണല്ലോ എന്നു കരുതിയാണ്, വ്യസനാതിരേകം പണിപ്പെട്ടൊതുക്കിയത്; പോരെങ്കിൽ സദ്വൃത്ത (സച്ചരിത)യാണെതാനും. ഋഷിയിൽ ഭക്തിയെക്കാളധികം സ്നേഹമാണ്, ശകുന്തളയ്ക്കുണ്ടാകുന്നത്. കുഞ്ഞിനെപ്പോലെ 'അറിയപ്പെടാത്തതോ ചാച്ച്' ഇവിടെയും തല പൊന്തിയ്ക്കുന്നു. സ്വസന്താനത്തെ സ്നേഹിക്കുന്നവരോട് അത്യന്തികമായ അടുപ്പം തോന്നുന്നതു സ്ത്രീസഹജമാണ്. സദ്വൃത്തയായതിനാൽ അവൾക്ക് ആത്മവൃത്താന്തം ഋഷിയെ അറിയിപ്പാൻ ഒട്ടും സങ്കോചമുണ്ടായില്ല. തന്റെ ജീവിതചരിത്രത്തിൽ ലജ്ജിയ്ക്കത്തക്കതും ഗോപനം ചെയ്യേണ്ടതുമായ ഒരംശവും അവൾക്കില്ല.

മുക്താത്മൻ=സംസാരബന്ധത്തിൽനിന്നു വേർപെട്ട മഹാത്മൻ. മാതാപിതൃത്യക്ത=മാതാവിനാലും പിതാവിനാലും ത്യജിയ്ക്കപ്പെട്ടവൾ. മുക്താത്മൻ എന്ന സംബോധനയിൽനിന്നു, സംസാരബന്ധം വേർപെട്ട ഇവിടത്തെയ്ക്കു സംസാരികളുടെ മായാമോഹമലിനമായ ജീവിതവൃത്താന്തങ്ങളിൽ താൽപര്യമുണ്ടാകാത്ത

Digitized By Kerala Sahitya Akademi

മന്നനാം ദുഷ്യന്തനാൽഗ്ഗാന്ധർവ്വപരിണീത;-
യെന്നുടെ ജനകനോ, വിശ്രുതൻ വിശ്വാമിത്രൻ.”

---

തിനാൽ സ്വവൃത്താന്തം ചുരുക്കിപ്പറയുന്നേയുള്ളവെന്നും, വിസ്തരം കൊണ്ടു വൈരസ്യമുണ്ടാക്കുന്നില്ലെന്നും ധ്വനിയ്ക്കുന്നു. അന്യസാഹായ്യം അത്യാവശ്യമായ ആ ജനനദിവസംമുതല്ക്കുതന്നേ, സ്വന്തം മാതാപിതാക്കാൾപോലും പരിത്യജിച്ചതന്നെ പിന്നീടു ഭർത്താവും ഉപേക്ഷിച്ചുവെങ്കിൽ, അതിൽ ഒന്നും ആവലാതിപ്പെടാനോ അത്ഭുതപ്പെടാനോ ഇല്ലെന്നും, ‘പിറന്നനേ........ത്യക്ത’ എന്നതിൻെറ വ്യംഗ്യം. മന്നൻ=രാജാവ്. ഗാന്ധർവ്വപരിണീത=ഗാന്ധർവ്വവിധിപ്രകാരം വിവാഹം ചെയ്യപ്പെട്ടവാം. ധർമ്മശാസ്ത്രകാരന്മാർ അംഗീകരിച്ച എട്ടുതരം വിവാഹങ്ങളിലൊന്നാണ്, ഗാന്ധർവ്വം. രക്ഷിതാക്കളുടെ അറിവുകൂടാതെ കാമിനീകാമുകന്മാർ സ്വേച്ഛയാ ചെയ്യുന്ന വിവാഹമത്രേ, ഗാന്ധർവ്വം. ‘ഇച്ഛയാന്യോന്യസംയോഗഃകന്യായാശ്ച വരസ്യ ച ഗാന്ധർവ്വാ സതു വിജ്ഞേയോ മൈഥുന്യഃ കാമസംഭവഃ’ എന്നു മനുസ്മൃതി. വിവാഹം അവിവേകമായി സംഭവിച്ചതല്ലെന്നു കാണിപ്പാനാണ്, ദുഷ്യന്തനു ‘മന്നനാം’ എന്ന വിശേഷണം കല്പിച്ചത്. രാജാക്കന്മാർ ധർമ്മസംരക്ഷകന്മാരാണല്ലോ; അവരിൽനിന്നു് അധർമ്മാചരണം പ്രതീക്ഷിപ്പാനിടയില്ല. ജനകൻ=അച്ഛൻ. വിശ്രുതൻ=തപശ്ശക്തിയാൽ ബ്രഹ്മർഷിപദം സമ്പാദിച്ചതുകൊണ്ടും ചണ്ഡാലരൂപിയായ ത്രിശങ്കുവിനു യജ്ഞഫലസിദ്ധിയ്ക്കായി നൂതനസ്വർഗ്ഗം സൃഷ്ടിച്ചതുകൊണ്ടും മററും പ്രസിദ്ധൻ. വിസ്മിതൻ=അത്ഭുതപ്പെട്ടവൻ. തീരെ വിസ്മൃതമായിക്കിടന്നിരുന്ന ആ മേനകാസംഗവൃത്താന്തം അങ്ങനെ അപ്രതീക്ഷിതമായി കേട്ടതുകൊണ്ടാണ്, വിസ്മിതനായത് ‘ചോയ’ എന്ന അനുപ്രയോഗം സംശയാത്ഭുതദ്യോതകമായ ‘താനോ?’ എന്ന ചോദ്യത്തിന്നു ശക്തികൂട്ടുന്നു. തവ താതൻ....കവിവാക്യം: മുനിസുതയായ ഭവതിയുടെ പിതാവായ ആ മുനിതന്നെയാണ് ഭവതിയോടു

Digitized By Kerala Sahitya Akademi

‘ഞാനോ!’’വിസ്മിതനായ്പ്പോയ് താപസൻ തവതാതൻ
താനല്ലോ മുനിസുതേ, നിന്നോടിസ്സംസാരിപ്പോൻ:—
“ഹാ, ശരി,യോൎമ്മിച്ചേൻ: നിന്നമ്മ മേനക-’’തീൎണ്ണ-
ക്ലേശനാമവിടെയ്ക്കും നീരുറന്നിതോ കണ്ണിൽ!
“ഞാനനുഗൃഹീതനായ് താതദൎശനത്താലെ’’-
നാനന്ദാകുലം കാല്ക്കൽ വീണ നന്ദിനിയാളെ
സത്വരം പിടിച്ചെഴുന്നേല്പിച്ചു നിറുകയിൽ-
പ്പത്തുനൂറുരു ഗാഢം മുകൎന്നാൻ മുനിവൎയ്യൻ.
തുടച്ചാനവളുടെ കണ്ണുനീർ വലംകയ്യാൽ;-
ത്തടവിക്കൊണ്ടാൻ മന്ദം പുറത്തു മറേറക്കയ്യാൽ;-

---

സംസാരിയ്ക്കുന്ന ഈ ആരാം. ഓൎമ്മിച്ചേൻ=കഴിഞ്ഞതത്രയും ഞാനോൎത്തു. തീൎണ്ണക്ലേശൻ=വ്യസനത്തെ തരണംചെയ്തവൻ; സംസാരമുക്തൻ. മേനകാസ്മരണത്തോടുകൂടി ആ ജീവന്മുക്തനും കരച്ചിൽ വന്നുവോ എന്നു കവിവാക്യം. വാസ്തവത്തിൽ വിശ്വാമിത്രൻ നിസ്സ്നേഹനായതുകൊണ്ടല്ല മേനകയെ പരിത്യജിച്ചതെന്നും, അവളുമായുള്ള സമ്പൎക്കം തന്റെ തപസ്സിന്നു പ്രതിബന്ധമായേയ്ക്കുമെന്നു കരുതി മാത്രമാണെന്നും വ്യംഗ്യം.

അനുഗൃഹീത=അനുഗ്രഹിയ്ക്കപ്പെട്ടവൾ. ആനന്ദാകുലം=ആനന്ദത്താൽ കുഴങ്ങിക്കൊണ്ട്. നന്ദിനിയാൾ=ഓമനയായ നന്ദിനി (മകൾ) മകളുടെ മനംകുളിൎപ്പിയ്ക്കുന്ന അവസ്ഥയെ കാണിപ്പാനാണ്, ‘നന്ദിനി’ എന്ന പദം പ്രയോഗിച്ചത്. സത്വരം=വെമ്പലോടേ. പത്തുനൂറുരു=പത്തുനൂറു പ്രാവശ്യം. ഗാഢം=മുറുകെ. മുകൎന്നാൻ=ചുംബിച്ചു. ഇതുവരെയും കണ്ടിട്ടില്ലാത്ത അച്ഛന്റെ കാണ്മാൻ സാധിച്ചത് ഒരനുഗ്രഹംതന്നെയാണെന്നു ശകുന്തള കരുതുന്നു. പത്തുനൂറുരു മുകൎന്നുവെന്നു പറഞ്ഞ

Digitized By Kerala Sahitya Akademi

**നൃപനാം ജാമാതാവിൻ ക്ഷേമവുമന്വേഷിച്ചാൻ;—**
**അപത്യവാത്സല്യമേ, വശിയും വശഗൻ തേ!**
**"മകളേ, തവ പേരെന്തുണ്ണിതൻ പേരും ചൊല്ലൂ;**
**ഭൂമീശമഹിഷി നീ വന്നതെന്തിവിടക്കാട്ടിൽ?"**
**ഉടനെ വീണ്ടും കംബുകണ്ഠിതൻ കണ്ഠത്തിൽനി-**
**ന്നിടറിപ്പുറപ്പെട്ടിതഞ്ഞൊരു വീണാകപാണം:—**

---

തിൽനിന്നു മുനിവരുന്ന മകളോടുള്ള വാത്സല്യാധിക്യം വെളിപ്പെടുന്നു.

നൃപൻ=രാജാവ്. ജാമാതാവ്=മകളുടെ ഭർത്താവ്. അപത്യവാത്സല്യം=സന്താനസ്നേഹം. വശീ=ഇന്ദ്രിയങ്ങളേയും മനസ്സിനേയും അടക്കിയ ഋഷി. വശഗൻ=വശപ്പെട്ടവൻ. തേ=നിനക്ക്. നൃപനാം എന്ന ജാമാതൃവിശേഷണം, മകൾക്ക് രാജാവിനെ ഭർത്താവായി ലഭിച്ചതിൽ പിതാവിന്റെ നിലയ്ക്കു തനിക്കുള്ള അഭിമാനവും കൃതാർത്ഥതയും വ്യഞ്ജിപ്പിക്കുന്നു. വശിയായ വിശ്വാമിത്രന്റെ ഏതാദൃശമായ ഭാവചാപല്യം അപത്യവാത്സല്യംകൊണ്ടുണ്ടായതാണെന്നും, അതു സ്വാഭാവികംതന്നെ എന്നും അവസാനത്തെ വരിയിൽനിന്നു വ്യക്തം.

ഭൂമീശമഹിഷി=രാജാവിന്റെ പ്രധാനപത്നി. ഗാന്ധർവവിധിയനുസരിച്ചു വിവാഹം കഴിഞ്ഞവളാകയാൽ ഭർത്താവിന്ന് ഏററവും പ്രിയപ്പെട്ടവളും പ്രധാനഭാര്യാപദമായ പട്ടമഹിഷിസ്ഥാനം അലങ്കരിക്കുന്നവളുമാണെന്നു സങ്കല്പിച്ചാണ്, ഭൂമീശമഹിഷി എന്ന വിശേഷണം ചേർത്തത്. കൊട്ടാരത്തിൽ ദാസിമാരോടുകൂടി സസുഖം വർത്തിക്കേണ്ട നീ ഈ കാട്ടിൽ ഏകാകിനിയും ദുഃഖിതയുമായി കാണപ്പെടാൻ പ്രസക്തിയില്ലല്ലോ എന്നുകൂടി പ്രസ്തുതവിശേഷണത്തിൽനിന്നു വ്യഞ്ജിക്കുന്നു. ശകുന്തള ആദ്യം ഭർത്തൃപരിത്യാഗവൃത്താന്തം അറിയിക്കുകയുണ്ടായില്ല; അ

Digitized By Kerala Sahitya Akademi

"പേരിട്ടാൻ ശകുന്തളയെന്നെയിക്കച്ഛൻ കണ്വൻ;
ധാരിതസർവ്വദമനാഭിധൻ ദൌഹിത്രൻ തേ.
അമ്മതന്നനുഗ്രഹാലിദ്ദിവ്യാശ്രമമല്ലോ,
ചന്മാലിലാഴമെയിക്കീറില്ലമായിത്തീർന്നു!
ആശ്രമാൽ പ്രീത്യാ താതകണ്വാന്മാലയച്ചപ്പെ-
ട്ടാശയം കൊട്ടാരത്തിൽച്ചെന്ന ഗർഭിണിയാം ഞാൻ

---

ത്തു വ്യസനാധികൃത്താലോ ഭർത്താവിൽ അപരാധം ആരോപിപ്പാനുള്ള വൈമനസ്യംകൊണ്ടോ ആയിരിക്കാം. ഇടറിപ്പറപ്പെട്ട— അസുഖകരമായ തന്റെ ജീവിതവൃത്താന്തം അച്ഛന്റെ മുമ്പിൽ മനമല്ലാമനസ്സോടെ പ്രകാശിപ്പിക്കാൻ ഒരുങ്ങി. കംബുകണ്ഠി=ശംഖിന്നൊത്ത കഴുത്തുള്ളവൾ. വീണാകാണം=വീണയുടെ നാദം. ശകുന്തളയുടെ മധുരസ്വരമായ വാക്കിനെ വീണാകാണമായി അധ്യവസായംചെയ്തിരിക്കുന്നു.

ധാരിതസർവ്വദമനാഭിധൻ=സർവ്വദമനനെന്നു പേരിടപ്പെട്ടവൻ. സിംഹാദിസർവ്വഹിംസ്രജന്തുക്കളെയും അടക്കിയൊതുക്കിപ്പോന്നതിനാൽ ഋഷിമാർ ആ കുട്ടിക്കു സർവ്വദമനൻ എന്നു പേരിട്ടു; പിന്നീടു ഭരതൻ എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നു. തേ=അമ്മയുടെ. ദൌഹിത്രൻ=മകളുടെ മകൻ. സർവ്വദമനനെ ദൌഹിത്രൻ എന്നു പറഞ്ഞതിൽനിന്നു, മകളിലുള്ള സ്നേഹം മകളുടെ മകനിലും ഉണ്ടാകുമെന്നു സൂചിതമാകുന്നു. 'പാലിച്ചു ശകുന്തങ്ങളിവളെപ്പലകാലം പേരിട്ടു ശകുന്തളയെന്നിവൾക്കതിനാൽ ഞാൻ' എന്ന മഹാഭാരതവചനം ഇവിടെ സ്മർത്തവ്യമാണ്. അമ്മതന്നനുഗ്രഹാൽ—കൊട്ടാരത്തിൽ ചെന്നപ്പോൾ ദുഷ്യന്തനാൽ സന്ത്യക്തയായി ദുഃഖിതയായിത്തീർന്ന ശകുന്തളയെ മേനക അവിടെനിന്നു കൊണ്ടുപോയി കശ്യപാശ്രമത്തിൽ പാർപ്പിക്കുകയാണുണ്ടായത്; സർവ്വദമനനെ പ്രസവിച്ചതും അവിടെ വെച്ചുതന്നെയാണ്.

ആശ്രമാൽ= ആശ്രമത്തിൽനിന്നു്. പ്രീത്യാ=പ്രീതിയോടു (സ്വാന്തമതിയോടുകൂടിയല്ലെങ്കിലും അനുരൂപനായ വരനെ പ

Digitized By Kerala Sahitya Akademi

സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണാൾ—
"സന്ത്യക്തയായേനല്ലോ, സൌമ്യനാം കണവനാൽ."
പകർന്നു ഭാവം പെട്ടെന്നക്കാലരുദ്രാകാര—
നുതിർന്നു മിഴിയിൽനിന്നെരിതിപ്പൊരി മേന്മേൽ;
വളഞ്ഞു പുരികങ്ങൾ, ചുളിഞ്ഞു വാർനെററിത്ത—
ട്ടിൽ; ഇളകീ ചിലിയുമങ്ങടങ്ങീ കാററുപാടും.

---

നിഗ്രഹിച്ചതിലുള്ള കൃതാർത്ഥതയോടു)കൂടി. സന്ത്യക്ത=ഉപേക്ഷിക്കപ്പെട്ടവൾ. കണവൻ=ഭർത്താവ്. സൌമ്യനെന്നു വിശേഷിപ്പിച്ചതിൽനിന്നു, ഭർത്താവു തന്നെ പരിത്യജിച്ചത് അദ്ദേഹം ചപലനോ ശഠനോ ആയതുകൊണ്ടല്ലെന്നും, തൻെറതന്നെ ഭാഗ്യദോഷത്താലാണെന്നും വ്യഞ്ജിക്കുന്നു. ആശയം=ചിരവിരഹിണിയായ തന്നെ ഭർത്താവു സന്തോഷപൂർവ്വം സ്വീകരിക്കുമെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി.

ഭാവം=അതുവരെയുമുണ്ടായിരുന്ന സ്നേഹവാത്സല്യാദിഭാവം. മകളുടെ നേരെ കാണിച്ച അക്ഷന്തവ്യമായ അപരാധംമൂലമുദിച്ച ഉഗ്രമായ അമർഷത്താൽ ഭീകരനായിത്തീർന്നവനെന്നു സാരം. കാലരുദ്രോപമയാൽ വിശ്വാമിത്രൻെറ കോപം അപ്രതിരോധ്യമെന്നു വ്യഞ്ജിക്കുന്നു. ആ ഭാവഭേദം കണ്ടു പ്രകൃതിപോലും നടുങ്ങുന്നു. ഇവിടെ 'കർത്താ കർമ്മം ക്രിയയിതേവാക്യത്തിങ്കൽപ്പദക്രമം' എന്ന ഭാഷയുടെ സാമാന്യനിയമത്തിന്നു വ്യത്യസ്തമായി ഒരോ വാക്യത്തിലും പ്രധാനവിവക്ഷയാൽ ക്രിയയെ മുമ്പിൽ പ്രയോഗിച്ചിരിക്കുന്നു. ക്രിയാപദങ്ങളിലെ അവസാനസ്വരം ദീർഘിപ്പിക്കുന്നതും അവയുടെ പ്രാധാന്യം കാണിപ്പാൻ വേണ്ടിത്തന്നെയാണ്. 'വിവൃതം ദീർഘയോഗ്യത്വം പ്രാധാന്യത്തിന്നു ലക്ഷണം.' എന്ന കേരളപാണിനീയ വിധിയനുസരിച്ചുള്ള ദീർഘയോഗ്യത്വമാണ്, ഇവിടെ പ്രവർത്തിച്ചുകാണുന്നതു്. 'ഉതിർന്നു മിഴിയിൽനിന്നെരി'തീപ്പൊരി=ക്രോധംകൊണ്ടുജ്ജ്വലിച്ച കണ്ണുകളിൽ നിന്നു രൂക്ഷങ്ങളായ നോട്ടങ്ങൾ പുറപ്പെട്ടു. നോട്ടങ്ങളെ തീപ്പൊരികളായി അധ്യവസായം ചെയ്തതിൽനിന്നു് അവയുടെ ദാഹകത്വം വ്യക്തമാകുന്നു.

Digitized By Kerala Sahitya Akademi

"ദുഷ്യന്തനവനാരെന്നാരോമൽക്കുമാരിയെ-
ദുസ്സഹാവമാനത്തിൽത്തള്ളിയിട്ടുയിർക്കൊൾവാൻ?
ഇക്കരമൊന്നേ പോരും കാൽക്ഷണാൽ മനുഷ്യരെ
സ്വർഗ്ഗത്തിൽക്കരേററാനും, നരകേ വീഴിപ്പാനും!

---

രുദ്രൻെറ നേത്രങ്ങളിൽ ഒന്നു് അഗ്നിമയമാണല്ലോ. വിശ്വാമിത്രൻെറ അനേകമന്ത്രസ്വരം, പെരിയബാഹു, മാൻതോലേറാപ്പ്, നീണ്ട താടി മുതലായ ബാഹ്യലക്ഷണധർമ്മങ്ങൾ രുദ്രനുമുള്ളതിനാൽ അദ്ദേഹത്തിനു സ്വാത്മനാ രുദ്രസാദൃശ്യമുണ്ടു്.

അരോമൽക്കുമാരി=ഓമനയായ പെൺകുട്ടി. ദുസ്സഹാവമാനം=സഹിപ്പാൻ വയ്യാത്ത മാനക്കേടു്. ഉയിർക്കൊൾവാൻ=ജീവിച്ചിരിപ്പാൻ. ഒന്നേ പോരും=ഒന്നുമാത്രം മതി. ദുഷ്യന്തനവൻ, ഉയിർക്കൊൾവാൻ എന്നീ പദങ്ങളിൽനിന്നു വിശ്വാമിത്രൻെറ ദൃഷ്ടിയിൽ ദുഷ്യന്തൻെറ നിസ്സാരത തികച്ചും അഭിവ്യഞ്ജിക്കുന്നു. ശകുന്തളയെ പരിത്യജിച്ച വിവരം താൻ അന്നേ അറിഞ്ഞിരുന്നുവെങ്കിൽ അയാളെ ജീവിച്ചിരിപ്പാനനുവദിക്കുമായിരുന്നില്ലെന്നു ധ്വനി. പരിത്യാഗംകൊണ്ടു തൻെറ പ്രിയപുത്രിയെ അവമാനത്തിൽപ്പെടുത്തിയവൻ ജീവിച്ചിരിപ്പാൻ അർഹനല്ലെന്നു സാരം. എന്നാരോമൽക്കുമാരി—മഹർഷിക്കു മകളോടുള്ള വാത്സല്യാതിശയവും അവൾക്കുവേണ്ടി തൻെറ തപഃപ്രഭാവം മുഴുവനും വിനിയോഗിപ്പാനുള്ള സന്നദ്ധതയും വ്യഞ്ജിക്കുന്നു. തള്ളിയിട്ടു്=കല്പിച്ചുകൂട്ടി അധഃപതിപ്പിച്ചു്.

ഇക്കരമൊന്നേ പോരും..........വീഴിപ്പാനും! എന്നിങ്ങിനെ സാമാന്യമായി ഉപേക്ഷിച്ച സ്വപ്രഭാവത്തെ അനന്തരവാക്യത്തിൽ വിശേഷരൂപത്തിൽ നിർദ്ദേശിക്കുന്നു: പൌരവൻ=പൂരുവിൻെറ വംശത്തിൽ ജനിച്ചവൻ. പൂരു ചന്ദ്രവംശത്തിലെ ഒരു പ്രസിദ്ധരാജാവാണ്. ഇദ്ദേഹം പിതാവായ യയാതിക്കു തൻെറ യൌവനത്തെ പ്രദാനംചെയ്തു് അദ്ദേഹത്തിൽനിന്നു വാർദ്ധക്യത്തെ സ്വീകരിച്ചു. പൂരുവിൻെറ പ്രപൌത്രനാ

Digitized By Kerala Sahitya Akademi

പൌരവൻ കേട്ടിട്ടില്ലേ ത്രിശങ്കുഹരിശ്ചന്ദ്ര-
ന്മാരുടെയനുഭവം കൌശികപ്രഭാവജം?
ഒരിയ്ക്കൽക്കൂടിയിതാ, കണ്ടുകൊള്ളട്ടേ ലോകം,
ശരിയ്ക്കിഗ്ഗാധേയൻെറ വൻതപഃപ്രതാപത്തെ
തനിയേ വേട്ടിട്ടന്തർവ്വത്നിയാം സാധ്വസ്ത്രീയെ
ക്കനിവററഹേതുവായ് ത്യജിച്ച ദുരാത്മാവേ—''

ണ് ദുഷ്യന്തൻ. ത്രിശങ്കുഹരിശ്ചന്ദ്രന്മാർ സൂര്യവംശത്തിലെ രണ്ടു മഹാരാജാക്കന്മാരാണ്. വസിഷ്ഠനുമായുള്ള വൈരംകൊണ്ടു, ഹരിശ്ചന്ദ്രപിതാവായ ത്രിശങ്കുവിനുവേണ്ടി വിശ്വാമിത്രൻ ഒരു സ്വർഗ്ഗംപോലും സൃഷ്ടിയ്ക്കുകയുണ്ടായി; അതുപോലെതന്നെ ഹരിശ്ചന്ദ്രനെ വളരെക്കാലത്തോളം നിസ്സ്വനാക്കി നരകയാതനയുമനുഭവിപ്പിച്ചു. അതു രണ്ടും കണ്ടു ലോകം വിശ്വാമിത്രൻെറ തപഃപ്രഭാവത്തെ അതിരററുപ്രശംസിക്കുകയുണ്ടായി. കൌശികപ്രഭാവജം=കൌശികൻെറ (വിശ്വാമിത്രൻെറ) ശക്തിയിൽനിന്നുണ്ടായത്. സൂര്യവംശക്കാർക്ക് അനുഭവിപ്പാനിടവന്ന തൻെറ പ്രതാപത്തെ ചന്ദ്രവംശക്കാർ കേട്ടിട്ടുപോലുമില്ലേന്നോ! ഗാധേയൻ=ഗാധിയുടെ പുത്രൻ (വിശ്വാമിത്രൻ). ഗാധിയുടെ പ്രപിതാമഹൻ ബ്രഹ്മാവാണ്. ഗാധി ഇന്ദ്രൻെറ അവതാരമാണെന്നു ഒരു പുരാണകഥയുണ്ടു്. ക്ഷത്രിയനായ ഗാധിയുടെ വംശത്തിൽ ജനിച്ച തന്നെ ബ്രഹ്മാനുമായ ബ്രഹ്മർഷിപദത്തിലേയ്ക്കുയർത്തിയത്, തൻെറ അനന്യാദൃശമായ തപഃപ്രഭാവമാണല്ലോ. ഇതാ—മകളെ മാനക്കേടിൽപ്പെടുത്തിയതിനു പ്രതികാരം ചെയ്യുവാൻ ഇനി ഒട്ടും താമസമില്ലെന്നു്.

അന്തർവ്വത്നി=ഗർഭിണി. അഹേതുവായ്=കാരണംകൂടാതെ. ചാപേ=അടുക്കൽ. ഊർജ്ജസ്വി=ഓജസ്സേറിയവൻ. വചസ്സ്=വാക്കു്. 'തനിയേ വിട്ടിട്ടു്'സ്വേച്ഛയാ പരിഗ്രഹിച്ച പിന്തിയെ പരിത്യജിയ്ക്കുന്നതു് ഒട്ടും ഉചിതമല്ലെന്നു് അഭിപ്രായം. ക

Digitized By Kerala Sahitya Akademi

ബ്രഹ്മാവെത്തപശ്ശക്ത്യാ വരുത്തിച്ചാരേ നിർത്തി
ബ്രഹ്മർഷിപദം ബലാൽ വാങ്ങിയതേതൊന്നാലോ,
ആ വലംകരം, ക്രോധാൽച്ചുരുട്ടി നെഞ്ചിൽച്ചേർത്താ-
ണീ വചസ്സാരംഭിച്ചതൂർജ്ജസ്വി വിശ്വാമിത്രൻ;
ആ മുഷ്ടി മുന്നോട്ടെയ്യൊന്നെറിയപ്പെട്ടാൽത്തീർന്നു,
സ്വാമിവംശത്തിന്നൊട്ടുക്കിടിവാളായ്പ്പോമല്ലോ!
എന്നാലശ്ശാപാസ്ത്രത്തെ രണ്ടുകൈകൊണ്ടും പിടി-
ച്ചെ [illegible] യോർത്തടങ്ങേണമച്ഛനിങ്ങെ"ന്നാൾമകൾ:-

---

നിർവ്വാജ=ദയപോലുമില്ലാതെ; (ദാക്ഷിണ്യയത്തുകൊണ്ടു സ്നേഹമാണുവേണ്ടത്; അതില്ലെങ്കിൽ പോട്ടെ) ദുഷ്യന്തൻ ശകുന്തളയോട് ഒരു സാധുസ്ത്രീയോടു കാണിക്കേണ്ട പ്രാഥമികമര്യാദപോലും കാണിക്കാഞ്ഞതിനാൽ, മനുഷ്യോചിതമായ ഗുണമൊന്നും ഇല്ലാത്തവനാണെന്നു കാണിപ്പാനാണ്, 'ദുരാത്മാവ്' എന്ന പദം. വസിഷ്ഠനോടുള്ള വാശിനിമിത്തം ബ്രഹ്മാവിനെ അടുക്കൽ വരുത്തിനിർത്തി ബ്രഹ്മർഷിപദം സ്വയം സമ്പാദിച്ച ആ ഊർജ്ജസ്വിക്ക് ദുഷ്യന്തനെ സകുലം മുടിക്കുന്നത് ഒട്ടും പ്രയാസമുള്ള കാര്യമല്ലല്ലോ. പുരാവൃത്തപരാമർശം വിശ്വാമിത്രന്റെ സ്വഭാവതൈക്ഷ്ണ്യത്തെ വ്യഞ്ജിപ്പിക്കുന്നു. ചുരുട്ടി നെഞ്ചിൽച്ചേർത്തു-ശാപസന്നദ്ധതയെ കാണിക്കുന്നു. ഷ്ടി=ചുരുട്ടിയ കൈ. സ്വാമിവംശം=ഭർത്താവിന്റെ കുലം. എന്നാൾ=എന്ന് അവൾ പറഞ്ഞു. എൻ എന്ന ഖിലധാതുവിന്നു പറഞ്ഞു, വിചാരിച്ചു എന്നൊക്കെ സന്ദർഭോചിതമായ അർത്ഥം കുറിക്കുവാനുള്ള ശക്തിയുണ്ട്. 'എന്നവനോടേ ജാനകി ചൊന്നാൾ' (കണ്ണശ്ശരാമായണം), 'എന്നാൾ മനോജ്ഞാംഗി ശ്രീരാമരാമ' (ഇരുപത്തിനാലു വൃത്തം), 'അല്ലയച്ചിട്ടുണ്ടെന്നാനില്ല' (നളചരിതം ആട്ടക്കഥ) ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ശാപാസ്ത്രം=ലക്ഷണയാ മുഷ്ടി, പരിത്യക്തയാണെങ്കിലും ശകു

Digitized By Kerala Sahitya Akademi

"ഭർത്തൃനാശിനിയായിത്തീരൊലാ ഭവൽപുത്രി,
നിർദ്ദഗ്ധയായും തീരൊല്ലുഗ്രവൈധവ്യത്തീയിൽ;
അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നോ വേണ്ട!
സുബഹിഷ്കൃതമായിക്കൊള്ളട്ടെയെൻജീവിതം;
സുതനും പുറത്തായിപ്പോകൊലാ മമ ദോഷാൽ!"

---

നു ഈ അവസരത്തിലും ദുഷ്യന്തനെ സ്വാമി (ഭർത്താവ്)യായിത്തന്നെ കാണുന്നു! അതാണ് ആ സദ്വൃത്ത പിതാവിന്റെ മുഷ്ടിയെ രണ്ടു കൈകൊണ്ടും കടന്നു പിടിപ്പാൻ കാരണം. എന്നെയോർത്ത്—മാതാപിതൃത്യക്തയും നിരാലംബയുമായ മകളെ വിചാരിച്ച്. ഇടിവാൾ=ലക്ഷണയാ നാശകരമെന്നർത്ഥം. വിശ്വാമിത്രന്റെ ക്രോധപാരമ്യവും ശാപത്തിന്റെ പ്രതിവിധിയില്ലായ്മയും വ്യഞ്ജിക്കുന്നു.

ഭർത്തൃനാശിനി=ഭർത്താവിനെ നശിപ്പിച്ചവൾ. ഭവൽപുത്രി=അങ്ങയുടെ മകൾ. ലോകഹിതകാംക്ഷിയായ ഋഷിയുടെ പുത്രി സ്വഭർത്താവിനുതന്നെയും നാശം വരുത്തി എന്നത് എത്രമേൽ ലോകാപവാദഹേതുവായിരിക്കും! നിർദ്ദഗ്ധ=നിശ്ശേഷം ദഹിച്ചവൾ. ഇപ്പോൾത്തന്നെ വേണ്ടത്ര ദുഃഖമുണ്ട്; ഇനി ജീവൻ മാത്രമേ ദഹിക്കാതെയുള്ളു. അതും വൈധവ്യത്തീയിൽ ദഹിപ്പിക്കാതിരിക്കണമെന്നാശംസ. തന്നെ പിറവിയിൽത്തന്നെ ഉപേക്ഷിച്ചു കളഞ്ഞ അച്ഛനമ്മമാർ ചെയ്തതിലും കവിഞ്ഞ യാതൊരു തെററും ഭർത്താവു ചെയ്തിട്ടില്ല. സ്വച്ഛന്ദം—ശ്വശുരനോ ശ്വശ്രൂവോ ഉണ്ടായിരുന്നെങ്കിൽ ഭർത്താവിനു് അങ്ങനെ ചെയ്വാൻ ധൈര്യമുണ്ടാകില്ലെന്നു വ്യംഗ്യം. ചുരുക്കിപ്പറഞ്ഞാൽ തന്റെ നിർഭാഗ്യംകൊണ്ടാണിങ്ങിനെയൊക്കെ വന്നുകൂടിയതെന്നു ശകുന്തള സ്വയം സമാധാനിക്കുന്നു.

സുബഹിഷ്കൃതം=തീരെ പുറംതള്ളപ്പെട്ടത്. മാതാപിതാക്കന്മാരാലും ഭർത്താവിനാലും എല്ലാവരാലും ത്യജിക്കപ്പെട്ടതാ

Digitized By Kerala Sahitya Akademi

പുത്രിതൻ കണ്ണീർകൊണ്ടു കോപാഗ്നി ശമിച്ചതി-
ലെത്രയും പ്രസന്നനായഭിനന്ദിച്ചാനച്ഛൻ:—
"ഭദ്രം തേ, പിടിച്ചെന്നെക്കരേറ്റി നിൻസൗശീല്യം;
ഭർത്താവോടചിരേണ ചേർന്നാലും സപുത്ര നീ!"

---

യിക്കൊള്ളട്ടെ എന്നു സാരം. മമ ദോഷാൽ=എന്റെ ദോഷം ഹേതുവായി. താൻ നിമിത്തം പുത്രനും ബഹിഷ്കൃതനാവുകയാണെങ്കിൽ, അതു തികച്ചും ദുഃസ്സഹമാണ്. പിതാവു ശാപദഗ്ധനാവുകയാണെങ്കിൽ, അതു പുത്രന്ന് അത്യന്തം അപകർഷഹേതുവാകുമല്ലോ. ശാപം ഇടിവാളായതുകൊണ്ട്, ആരെല്ലാമാണ് അതിന്നിരയായിത്തീരുകയെന്ന് അറിഞ്ഞുകൂടതാനും!

ഭദ്രം=മംഗളം. സൗശീല്യം=സൽസ്വഭാവം. അചിരേണ=കാലതാമസം കൂടാതെ. സപുത്ര=പുത്രനോടുകൂടിയവൾ. മകൾ കണ്ണുനീർകൊണ്ട് അച്ഛന്റെ കോപാഗ്നിയെ ശമിപ്പിച്ചു. തീ കെടുക്കാൻ പറ്റിയതു നീരാണല്ലോ. കരേറ്റി—സാഹസക്കാരനായ പൈതൽ ആ വിദ്ധകനെ ഐഹികവിചാരങ്ങളിലേക്കു വലിച്ചുതാഴ്ത്തി; സദ്വൃത്തയായ പുത്രിയാകട്ടെ, അദ്ദേഹത്തെ വിഷയമാലിന്യത്തിൽനിന്ന്, ആദ്യത്തെ നിർമ്മലസ്ഥാനത്തേക്കുതന്നെ കരേറ്റി. ശകുന്തള അങ്ങനെ താണുകേണപേക്ഷിച്ചിരുന്നില്ലെങ്കിൽ, വിശ്വാമിത്രൻ ദുഷ്യന്തനെ ശാപാഗ്നിയിൽ സകലം ദഹിപ്പിക്കുമായിരുന്നു. പക്ഷേ, അത്രത്തോളം അദ്ദേഹത്തിന്റെ തപശ്ശക്തിയും നശിച്ചുപോകും. മകളുടെ അനുനയംകൊണ്ട് ആ ധാർമ്മികാധഃപതനം കൂടാതെ കഴിഞ്ഞു. അതിനാൽ പ്രസന്നനായ പിതാവു പുത്രിയെ ഭർത്തൃസമാഗമരൂപമായ അഭീഷ്ടത്തിന്റെ സിദ്ധിക്കായി സസ്നേഹം അനുഗ്രഹിക്കുന്നു.

വിദ്വാൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഋഗ്വേദപരിഭാഷ

## മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്തു, ഇന്ത്യയുടെ ആദ്ധ്യാത്മസംസ്കാരത്തിന്റെ മഹാഗോപുരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നതു മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറ്റൊരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിൻഡ്—മഹാകവിയുടെ കയ്യൊപ്പോടും ഫോട്ടോയോടും കൂടിയ

**ഒന്നാംവാല്യത്തിന്ന് 14ക.**

**രണ്ടാംവാല്യത്തിന്ന് 12ക.**

**മൂന്നാംവാല്യത്തിന്ന് 14ക.**

[illegible] ആവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്.

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം**

ചെറുതുരുത്തി or ഷൊർണ്ണൂർ, കേരള സ്റ്റേയിറ്

Digitized By Kerala Sahitya Akademi